നൽകുന്നതിന് വീഴ്ച വരുത്തിയാൽ റവന്യൂ റിക്കവറി നടപടിയിലൂടെ അംശാദായം ഈടാക്കുന്നതിന് വ്യവസ്ഥയുണ്ട്. ഇതിനായി കേരള റവന്യൂ റിക്കവറി ആക്ട് സെക്ഷൻ 73 അനുസരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. അതുപോലെ തന്നെ സ്വകാര്യ ബസ് തൊഴിലാളികളിൽ നിന്നും കേരള മോട്ടോർ ക്ഷേമനിധി നിയമത്തിലെ വകുപ്പ് 85-ൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിക്കാതെ നടത്തുന്ന അസസ്മെന്റിനെതിരെ ഫയൽ ചെയ്യുന്ന അപ്പീലുകളെ സംബന്ധിച്ചിടത്തോളം കഴമ്പുണ്ടെന്ന് പൂർണ്ണബോദ്ധ്യം വരുന്ന കേസുകളിൽ മാത്രമേ സ്റ്റേ അനുവദിക്കുകയുള്ളൂ. ലൈറ്റ് മോട്ടോർ വെഹിക്കിൾസ് മേഖലയിലെ തൊഴിലാളികൾക്ക് 20-12-1999 മുതൽ കുറഞ്ഞ കൂലി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഗുണഭോക്താക്കളായ ഈ വിഭാഗം തൊഴിലാളികളുടെ സഹകരണം വേണ്ടത്ര അളവിൽ ലഭിക്കാത്തതിനാൽ ക്ഷേമനിധി നിയമം നടപ്പിലാക്കാൻ കഴിയാതെ വന്നിട്ടുണ്ട്. മോട്ടോർ തൊഴിലാളികൾക്ക് നേരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മോട്ടോർ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും, പരിഹാരം നിർദ്ദേശിക്കുന്നതിനും, വ്യവസായത്തിന്റെ പുന:സംഘടനയ്ക്കും ഒരു ഉന്നതലകമ്മിറ്റിയെ നിയോഗിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്.

(11) ഡ്രെയിനേജ് സൗകര്യമില്ലാത്ത വീട്ടുടമകളിൽ നിന്നും ഡ്രെയിനേജ് കരം ഈടാക്കുന്നത് സംബന്ധിച്ച്

ശ്രീ. ബി. വിജയകുമാർ : സർ, തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശത്ത് താമസിക്കുന്ന ഡ്രെയിനേജ് സൗകര്യം ഇല്ലാത്ത വീട്ടുടമകളിൽ നിന്നും വീട്ടുകരത്തോടൊപ്പം ഡ്രെയിനേജ് കരം കൂടി ഈടാക്കുന്നത് ന്യായീകരിക്കാനാകാത്തതാണ്. 25-6-1997-ൽ നിയമസഭയിൽ ഒരു സബ്മിഷനിലൂടെ ഞാൻ ഇത് ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. ഡ്രെയിനേജ് സൗകര്യം ഇല്ലാത്ത വരെ ഡ്രെയിനേജ് നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കുന്ന കാര്യം തീരുമാനിച്ചിട്ടുണ്ട് എന്നും, കോർപ്പറേഷൻ മേയറുമായി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ എത്രയും വേഗം അന്തിമ തീരുമാനമെടുക്കുമെന്നും 25-6-1997-ൽ ബഹുമാനപ്പെട്ട മന്ത്രി എനിക്ക് ഉറപ്പ് നൽകിയിരുന്നതാണ്. എന്നാൽ ഇതേവരെ ഒരു തീരുമാനവും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ഇപ്പോഴും ഡ്രെയിനേജ് സൗകര്യം ഇല്ലാത്ത വീട്ടുടമകളിൽ നിന്നും ഡ്രെയിനേജ് ടാക്സ് പിരിച്ചുകൊണ്ടിരിക്കുന്നു. അത് സിവറേജ് ആയിരുന്നാലും, സർഫസ് ഡ്രെയിൻ ആയിരുന്നാലും എത്രയോ വാർഡുകളിൽ ഡ്രെയിനേജ് ഇല്ല, എത്രയോ വാർഡുകളിൽ സർഫസ് ഡ്രെയിൻ ഇല്ല. സർഫസ് ഡ്രെയിൻ ആയാലും, ഡ്രെയിനേജ് ആയിരുന്നാലും ഇല്ലാത്ത എത്രയോ വാർഡുകൾ തിരുവനന്തപുരം നഗരസഭയിൽ ഉണ്ട്. അവരിൽ നിന്ന് ഇന്ന് ടാക്സ് ഈടാക്കിക്കൊണ്ടിരിക്കുകയാണ്. പുതിയ നഗരപാലികാ നിയമത്തിൽ ഇത് ഒഴിവാക്കാനാവശ്യമായ വ്യവസ്ഥയുണ്ട്. ഇങ്ങനെ ഡ്രെയിനേജ് സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ നിന്നും ഡ്രെയിനേജ് നികുതി ഒഴിവാക്കാനും അതുപോലെതന്നെ ജലനികുതി

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കാനും ഒക്കെയുള്ള അധികാരം ഗവൺമെന്റിനുണ്ട്. അതുകൊണ്ട് ആ അധികാരം ഉപയോഗിച്ചു കൊണ്ട് ഡ്രെയിനേജ് സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ നിന്ന് ഡ്രെയിനേജ് നികുതി ഈടാക്കുന്ന നടപടി ഒഴിവാക്കാൻ ഗവൺമെന്റ് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, ഡ്രെയിനേജ് സംവിധാനം ഇല്ലാത്ത സ്ഥലങ്ങളിൽ നികുതിദായകരിൽ നിന്നും ഈടാക്കി വരുന്ന വസ്തു നികുതിയുടെ 2 ശതമാനം പിൻവലിക്കാൻ തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലിൽ ഒരു പ്രമേയം അംഗീകരിച്ചിരുന്നു. പ്രസ്തുത തീരുമാനം ഗവൺമെന്റിന്റെ പരിശോധനയിലാണെന്നും കോർപ്പറേഷൻ അധികൃതരുമായി ചർച്ചചെയ്ത് ഇക്കാര്യത്തിൽ എത്രയും വേഗം തീരുമാനം എടുക്കുന്നതാണെന്നും ഞാൻ സഭയിൽ ഉറപ്പ് തന്നിരുന്നു. അതനുസരിച്ച് മേയറുമായും, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായും ചർച്ചചെയ്തു. ചർച്ചയിൽ ബോദ്ധ്യപ്പെട്ട ഒരു കാര്യം തിരുവനന്തപുരം നഗരത്തിലെ എല്ലാ ഭാഗങ്ങളിലും ഭൂഗർഭ ഡ്രെയിനേജോ, ഉപരിതല ഡ്രെയിനേജോ ഏർപ്പെടുത്തിയിട്ടുണ്ട് എന്നാണ്. അതിനാൽ വസ്തു നികുതിയിൽ നിന്നും ഡ്രെയിനേജിന്റെ ഘടകം ഒഴിവാക്കേണ്ടതില്ല എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. കേരളത്തിലെ എല്ലാ നഗരസഭകളിലും നിലവിലുള്ള നികുതി സംവിധാനത്തിൽ നിന്നും തിരുവനന്തപുരം കോർപ്പറേഷനെ മാത്രം ഒഴിവാക്കാൻ നിർവ്വാഹമില്ലാത്ത ഒരു അവസ്ഥയും ഉണ്ട്. എന്നിരുന്നാലും സംസ്ഥാനത്തിലെ മുനിസിപ്പൽ ചെയർമാൻമാരെ പ്രത്യേകമായി വിളിച്ച് ഇക്കാര്യം ചർച്ചചെയ്ത് ആവശ്യമായിട്ടുള്ള തീരുമാനങ്ങൾ എടുക്കുന്നതാണ്.

മി.സ്പീക്കർ : അതിൽ ഇനി അധിക കാലതാമസം വേണ്ട.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : യേസ്.

(12) ചേർത്തല താലൂക്കിൽ ഉണ്ടായ ബസ്സപകടത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കുപറ്റിയവർക്കും അടിയന്തിര സഹായം

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, കഴിഞ്ഞ ദിവസം ആലപ്പുഴ ജില്ലയിലെ ചേർത്തലക്ക് സമീപം മതിലകം ഗ്രേറ്റ് ഗാർഡൻ ആശുപത്രിക്ക് സമീപം വച്ച് തിരുവനന്തപുരത്തേക്ക് രാജ്ഭവൻ മാർച്ചിന് വരികയായിരുന്ന ടൂറിസ്റ്റ് ബസും, കണ്ടെയ്നർ ലോറിയും തമ്മിൽ കൂട്ടിയിടിച്ച് 4 പേർ മരണപ്പെടുകയും, 47 പേർക്ക് പരിക്കുപറ്റുകയും ചെയ്ത അതിദാരുണമായ സംഭവം ഉണ്ടാകുകയുണ്ടായി. മരണപ്പെട്ടവരിൽ രണ്ട് സഹോദരിമാർ, എന്റെ നാട്ടുകാരാണ്. മഞ്ചേരി ധന്യാ നിവാസിൽ സുശീലയും, മഞ്ചേരി അരുക്കിഴായ ശോഭാ നിവാസിൽ രാധാദേവിയും, കൂടാതെ ലോറി ഡ്രൈവർ പുന്തനങ്ങാടി ദേവരാജൻ, ക്ലീനർ സുനിൽ എന്നിവരാണ് മരണപ്പെട്ടത്. ഗുരുതരമായ പരിക്കുപറ്റി 47 പേർ ആശുപത്രിയിൽ കിടക്കുന്നതിൽ മൂന്നു പേരുടെ സ്ഥിതി വളരെ മോശമാണെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly